# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവാഭരണ ഘോഷയാത്ര - ഏതാനും ക്രമീകരണങ്ങൾ സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി. 7821/86/ശബ      തിരുവനന്തപുരം, തീയതി: 30/11/2016

---

## ഉത്തരവ്

ശബരിമല ശ്രീധർമ്മശാസ്താവിന് മകരവിളക്ക് ദിവസം ചാർത്തുന്നതിനായി പന്തളം വലിയ കോയിക്കൽ കൊട്ടാരത്തിൽ നിന്നും കൊണ്ടു വരുന്ന തിരുവാഭരണങ്ങൾ വളരെ ഭക്തിപൂർവ്വം ഓരോ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ഏറ്റ് വാങ്ങി ഇറക്കി പൂജ നടത്തി മൂന്നാം ദിവസമാണ് കാനന പാതയിലൂടെ സന്നിധാനത്ത് എത്തിച്ചേരുന്നത്.

തിരുവാഭരണ ഘോഷയാത്ര കടന്ന് പോകുന്ന വഴികളിലും രാത്രി വിശ്രമിക്കുന്നതിനായി തങ്ങുന്ന സ്ഥലങ്ങളിലും തിരുവാഭരണ പേടകം തറയിലാണ് ഇറക്കി വെയ്ക്കുന്നത്. ഭഗവാന് ചാർത്താൻ കൊണ്ട് പോകുന്ന തിരുവാഭരണ പേടകം പൊതു നിരത്തുകളിൽ ഇറക്കി വയ്ക്കുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പീഠങ്ങൾ പണി കഴിപ്പിയ്ക്കുന്നതിനും പീഠം പണി ചെയ്യാൻ കഴിയാത്ത സ്ഥലങ്ങളിൽ (കാനന പാതകളിൽ) തിരുവാഭരണ പേടകത്തിന് അനുയോജ്യമായ രീതിയിൽ തടിയിൽ സ്റ്റാന്റ് പണിയിച്ച് (മടക്കി കൊണ്ട് പോകാവുന്ന രീതിയിൽ) തിരുവാഭരണ പേടകം കൊണ്ട് പോകുന്നത് ഉചിതമാണെന്ന് ബോർഡ് കരുതുന്നു.

കൂടാതെ ളാഹയിൽ തിരുവാഭരണ ഘോഷയാത്രയ്ക്ക് പോകുന്ന ജീവനക്കാർക്കും പോലീസുകാർക്കും തിരുവാഭരണ പേടകവാഹകർക്കും പ്രാഥമിക ആവശ്യം നിർവഹിക്കുന്നതിന് ഇ-ടോയിലറ്റ് സംവിധാനം ഉണ്ടാക്കുന്നതിനും, തിരികെ തിരുവാഭരണം ളാഹയിൽ നിന്നും തിരിയ്ക്കുന്ന സമയം ക്രമീകരിച്ച് പെരിനാട് ദേവസ്വത്തിൽ രാവിലെ 10 മണിക്ക് മുൻപ് എത്തുന്ന രീതിയിൽ ക്രമീകരിക്കുന്നതിനും, പെരിനാട് ദേവസ്വത്തിൽ തിരുവാഭരണം ഒരു ദിവസം മുഴുവനായി ചാർത്തി ദർശനം നടത്തുന്നതിനും, ഈ ക്ഷേത്രം സ്ത്രീകളുടെ ശബരിമലയായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും, ചീഫ് എഞ്ചിനീയർ (ജനറൽ)നെയും ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,<br>
(ഒപ്പ്)<br>
സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ (ജനറൽ)
3) ചീഫ് എഞ്ചിനീയർ
4) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
5) എക്സ്ക്യൂട്ടീവ് ആഫീസർ, ശബരിമല
6) ഇ.ഡി.പി. സെക്ഷൻ
7) സെക്ഷൻ ഫയൽ
8) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ<br>
അസിസ്റ്റന്റ് സെക്രട്ടറി<br>
ശബരിമല സെൽ